## 95

വിശുദ്ധനാം കർത്താവേ! വിശ്വസ്തനാം കർത്താവേ!
വീടെടുത്തല്ലോ ഏഴയാമെന്നെ വീണുവണങ്ങി സ്തുതിച്ചിടുന്നേ

1 പാപമാം ചേറ്റിൽനിന്നുയർത്തിയെന്നെ
പാറയാം ക്രിസ്തുവിൽ നിറുത്തിയല്ലോ
പാടുവാനായ് പുതിയ പാട്ടു തന്നു
പാടിസ്തുതിക്കുമെന്നായുസ്സെല്ലാം-

2 ആദരിക്കേണ്ടവരവഗണിച്ചാൽ അനുഗ്രഹിച്ചിടുന്നനുദിനവും
ആനന്ദിപ്പിക്കുന്നു ആശ്വസിപ്പിക്കുന്നു
ആയിരം മനുഷ്യരിൽ നല്ലവനായ്

3 പർവ്വതങ്ങളും കുന്നുകളും പാരിതിൽനിന്നു മാറിയാലും
പരിശുദ്ധനുടെ വൻദയയാൽ പാരിലനുദിനം പാർത്തിടുന്നു

4 വാനവും ഭൂമിയും സർവ്വസ്വവും ഊനമില്ലാതെ ചമച്ചവനേ!
മാനവരക്ഷകാ! മാന്യമഹോന്നതാ!
മാനവും മഹത്ത്വവും നിനക്കാമേൻ

**P.M.J.**